# മങ്കര ഗ്രാമപഞ്ചായത്ത് കാര്യാലയം

**മങ്കര (പി.ഒ), പാലക്കാട് ജില്ല പിൻ - 678613,**

**Email : - ddpmankarapkd@gmail.com, ഫോൺ :0491 – 2872320**


SC1-5222/23

തീയതി 12/01/2024

പ്രേഷിത

സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു.കെ. സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയരക്ടറുടെ കാര്യാലയം, പാലക്കാട്.

സർ,

വിഷയം : ശ്രീ.പത്മനാഭൻ, ഗീതഭവൻ, നഗരിപ്പുറം - നവകേരള സദസ്സ് 2023 ൽ നൽകിയ പരാതി

സൂചന : 1) 28/12/2023 തിയതിയിലെ -LSGD/JD/6384/2023-12 നമ്പർ കത്ത്

2) ഈ കാര്യാലയത്തിൽ നിന്നുമുള്ള 07/07/2023 തിയതിയിലെ JC5-2080/2023 നമ്പർ കത്ത്

മേൽ സൂചന (2) പ്രകാരം ശ്രീ. പത്മനാഭൻ, ഗീതഭവൻ, നഗരിപ്പുറം, മണ്ണൂർ എന്നവരുടെ കെട്ടിടത്തിന്റെ ക്രമവത്കരണവുമായി ബന്ധപ്പെട്ട് പ്രസ്തുത ഫൈലിൽ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ ടി വിഷയം സിറ്റിസൺ അസിസ്റ്റൻറ്, ഉപജില്ല ഉപസമിതി-2 പരാതി പരിഹാര അദാലത്തിൽ മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കെട്ടിട ഉടമ, സിറ്റിസൺ അസിസ്റ്റൻറ്, അംഗങ്ങൾ എന്നവരുടെ സാന്നിധ്യത്തിൽ ടി വിഷയം ചർച്ച ചെയ്തു. സർക്കാരിൻറെ Unauthorised buildings Regularise ചെയ്യുന്നതിനുള്ള അദാലത്ത് വരുന്ന സമയത്ത് ടി കെട്ടിടം അദാലത്തിൽ അപേക്ഷ സമർപ്പിച്ച് പ്രസ്തുത കെട്ടിടത്തിൻറെ റെഗുലറൈസേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കെട്ടിട ഉടമയുടെ സമക്ഷത്തിൽ തീരുമാനിക്കുകയുണ്ടായി. മേൽ അറിവിലേക്കായി സമർപ്പിക്കുന്നു..

വിശ്വസ്തതയോടെ

സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്
Secretary
Mankara Grama Panchayath

ഉള്ളടക്കം

1. 7/07/2023 തിയതിയിലെ JC5-2080/23 നമ്പർ കത്ത്.

# മങ്കര ഗ്രാമപഞ്ചായത്ത് കാര്യാലയം

മങ്കര (പി.ഒ), പാലക്കാട് ജില്ല പിൻ - 678613,
Email : - ddpmankarapkd@gmail.com, ഫോൺ :0491 – 2872320

നമ്പർ : ജെ.സി.5-2080/2023 തീയതി : 07/07/2023

പ്രേഷിത
സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
സിറ്റിസൺ അസിസ്റ്റന്റ് സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം : ഓഡിറ്റോറിയം - കെട്ടിട നമ്പർ അനുവദിക്കുന്നത് നിർദ്ദേശം ലഭിക്കുന്നതിനായി.

സൂചന : 1) 17.02.2011 തീയതിയിലെ ശ്രീ.പത്മനാഭൻ എന്നവരുടെ റെഗുലറൈസേഷൻ അപേക്ഷ.
2) 19.03.2019 തീയതിയിലെ ശ്രീ.പത്മനാഭൻ എന്നവരുടെ അപേക്ഷ.
3) 16.05.2023 തീയതിയിലെ ശ്രീ.പത്മനാഭൻ എന്നവരുടെ റെഗുലറൈസേഷൻ അപേക്ഷ.

ശ്രീ.പത്മനാഭൻ എന്നവരുടെ 473/41, 473/31 സർവ്വേ നമ്പറുകളിൽപ്പെട്ട 0.169 ഹെക്ടർ സ്ഥലത്ത് നിലവിൽ 315.32 $M^2$ ഏരിയ ഉള്ള കൊമേഴ്സ്യൽ കെട്ടിയത്തിൽ 87.89 $M^2$ ഗ്രൗണ്ട് ഫ്ലോറും, 418.80 $M^2$ ഒന്നാം നിലയും, 418.80 $M^2$ രണ്ടാം നിലയും ടെറസ് ഫ്ലോർ 17.96 $M^2$ (സ്റ്റെയർകേസ്) ആയിട്ടുള്ള കെട്ടിടത്തിന് 17.02.2011 ൽ എ2-53/07-08 പ്രകാരം നിർമ്മാണ അനുമതി നൽകിയതും 16.02.2017 വരെ പുതുക്കി നൽകിയതും ആയ കെട്ടിടം, ടി കാലയളവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

മേൽ സൂചന (2) പ്രകാരം 2019 ൽ അപേക്ഷ സമർപ്പിക്കുകയും റൂൾ 27 (4), 27(5) എന്നിവ പാലിച്ചിട്ടില്ല എന്ന് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സൂചന (3) പ്രകാരം 2119.50 $M^2$ ( Second Floor, Terrace Floor അടക്കം ) ഏരിയ ഉള്ള അനധികൃത കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് വേണ്ടി Appendix X അപേക്ഷ പുനർ സമർപ്പിച്ചിട്ടുണ്ട്. അസി. എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ വലത് വശം സെറ്റ് ബാക്ക് 0.47, 0.50 എന്നീ അളവുകൾ ആണെന്നും ഉയരം 14.70 മീറ്റർ ആണെന്നും

വലതു വശത്ത് ആവശ്യമായ സെറ്റ് ബാക്ക് ലഭ്യമല്ല എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.ടി കെട്ടിടത്തിന്റെ തുടർനടപടിയുടെ നിർദ്ദേശത്തിനായി.

വിശ്വസ്തതയോടെ,

സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്
Secretary
Mankara Grama Panchayath

Office of the Mankara Grama Panchayat ★ Pin-678 613